ഏറ്റെടുത്തുകൊണ്ട് അറിവിന്റെ ഉൽപ്പാദനത്തിന്റെയും വ്യാപനത്തിന്റെയും കേന്ദ്രമായി പ്രവർത്തിക്കുക എന്നതാണ് പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ലക്ഷ്യം.

(സി) സർക്കാരിന്റെ നയങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കുന്നതിന് ഓരോ മേഖലയിലും അക്കാഡമിക് രംഗത്തും ഭരണരംഗത്തും വൈദഗ്ധ്യമുള്ളവരുടെ പാനൽ രൂപീകരിക്കുകയും അവർ കേരളത്തിന് ഏറ്റവും അനുയോജ്യമായ നയരൂപീകരണത്തിന് പഠന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യും. ഇപ്രകാരം തയ്യാറാക്കുന്ന റിപ്പോർട്ടുകളിൽ വിവിധ മേഖലകളിലുള്ളവരുടെ അഭിപ്രായം തേടുകയും അവകൂടി ക്രോഡീകരിച്ച് കുറ്റമറ്റ രീതിയിൽ റിപ്പോർട്ടും നയപരമായ നിർദ്ദേശങ്ങളും സർക്കാരിന് ലഭ്യമാക്കുകയും ചെയ്യും. ഇത്തരത്തിൽ നയങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കുന്നതിന് അനുയോജ്യമായ വിധത്തിലാണ് പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിച്ചിരിക്കുന്നത്.

## കേന്ദ്ര ധനകാര്യ കമ്മീഷനിൽ നിന്നും സംസ്ഥാനത്തിനുള്ള വിഹിതം

142 (3296) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ധനകാര്യ കമ്മീഷനിൽ നിന്ന് സംസ്ഥാനങ്ങൾക്ക് പണം നൽകുന്ന നിലവിലെ മാനദണ്ഡ പ്രകാരം സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട പണം കുറഞ്ഞു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ എന്നും എങ്കിൽ 14-ാം ധനകാര്യ കമ്മീഷന്റെ മുമ്പാകെ അധിക പണം ലഭിക്കാനായി എന്തെല്ലാം മാറ്റങ്ങൾ വേണമെന്ന് ആവശ്യപ്പെടുകയുണ്ടായി എന്നും എന്നാണ് ആവശ്യമുന്നയിച്ചതെന്നും എന്തു തുടർ നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ;

(ബി) 11, 12, 13 ധനകാര്യ കമ്മീഷനുകളുടെ ശിപാർശകൾ പ്രകാരം സംസ്ഥാന സർക്കാർ എന്തെങ്കിലും പഠനം നടത്തിയോ എന്നും എങ്കിൽ എന്തു പഠനം നടത്തി എന്നും അതിന്മേൽ എന്തു നടപടി നിലവിലെ സർക്കാർ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ;

(സി) വിഹിതം നിശ്ചയിക്കുന്നതിൽ ജനസംഖ്യയ്ക്ക് ഉയർന്ന വെയ്റ്റേജും പ്രതിശീർഷ ആഭ്യന്തര ഉല്പന്നത്തിന് കുറഞ്ഞ വെയ്റ്റേജും ലഭിച്ചാൽ സംസ്ഥാനത്തിന് കൂടുതൽ വിഹിതം ലഭിക്കുമെന്നതിനാൽ ആയത് നേടിയെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ഡി) വർദ്ധിച്ചു വരുന്ന റവന്യൂ കമ്മി കുറയ്ക്കാൻ സംസ്ഥാനം സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തെല്ലാം എന്നും ഇവയിൽ 14-ാം ധനകാര്യ കമ്മീഷൻ അംഗീകരിച്ചവ എന്തെല്ലാം എന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ മൂന്ന് ധനകാര്യ കമ്മീഷനുകൾ കേരളത്തിന് അനുവദിച്ച നികുതി വിഹിതവും പതിനാലാം ധനകാര്യ കമ്മീഷനിൽ നിന്ന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന വിഹിതവും താഴെപ്പറയുന്നു:

| കമ്മീഷൻ | വർഷം | വിഹിതം (ശതമാനത്തിൽ) |
|---|---|---|
| പതിനൊന്ന് | 2000-05 | 3.05 |
| പന്ത്രണ്ട് | 2005-10 | 2.66 |
| പതിമൂന്ന് | 2010-15 | 2.34 |
| പതിനാല് | 2015-20 | 2.50 |

പതിനാലാം ധനകാര്യ കമ്മീഷനിന്റെ മുമ്പാകെ അധിക പണം ലഭിക്കാനായി ആവശ്യപ്പെട്ട മാറ്റങ്ങൾ:

1. സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം നിലവിലുള്ള 32 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കണം.

2. കഴിഞ്ഞ മൂന്ന് വർഷങ്ങളായി നിലവിലുള്ള സെസ്സുകളും സർചാർജ്ജുകളും വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതത്തിന്റെ പരിധിയിൽ കൊണ്ടുവരണം.

3. കേന്ദ്ര റവന്യൂ വരുമാനത്തിന്റെ വിവിധ ഇളവുകൾക്കായി മാറ്റി വയ്ക്കുന്ന തുകയുടെ തോത് മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ നിലവിലുള്ള 6 ശതമാനത്തിൽ നിന്നും 3 ശതമാനമായി കുറയ്ക്കണം.

4. സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കാവുന്ന നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ജനസംഖ്യയ്ക്ക് മുൻതൂക്കം നൽകണം.

5. വനം, ജനസംഖ്യയിലെ വൃദ്ധരുടെ എണ്ണം, നഗരവത്കരണം, യഥാർത്ഥ ജനസാന്ദ്രത എന്നിവകൂടി കണക്കിലെടുത്തുകൊണ്ട് 1971-ലെ ജനസംഖ്യയെ ക്രമപ്പെടുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

6. മുൻകാല കേന്ദ്ര വായ്പകളും അതിന്മേലുള്ള പലിശയും എഴുതിത്തള്ളണം

7. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം സ്ഥാപനങ്ങൾക്കായി വിഭജിക്കാവുന്ന നികുതി വിഹിതത്തിന്റെ 5 ശതമാനമായി വർദ്ധിപ്പിക്കണം.

8. യഥാർത്ഥ വരുമാന കമ്മിറ്റി (മൂലധന ആസ്തികൾ വർദ്ധിപ്പിക്കുന്നതിനുള്ള ഗ്രാന്റ് കഴിച്ചുള്ള അറ്റ റവന്യൂ കമ്മി) എന്ന ആശയത്തിന് മതിയായ അംഗീകാരം നൽകണം.

9. റവന്യൂ കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 1.5% ആയി നിജപ്പെടുത്തിക്കൊണ്ട് ധന ഉത്തരവാദിത്ത നിയമത്തിലെ ലക്ഷ്യം പുനഃക്രമീകരിക്കുകയും ആയത് 5 വർഷത്തിലൊരിക്കൽ അവലോകനം ചെയ്യേണ്ടതുമാണ്.

10. വനവിഭവങ്ങളിൽ നിന്നുള്ള വരുമാന നഷ്ടവും ഉയർന്ന കാർബൺ നിക്ഷേപവും കണക്കിലെടുത്തുകൊണ്ട് വനസംരക്ഷണം നടത്തുന്നതിന് കേരളത്തിന് അർഹമായ നഷ്ടപരിഹാരം നൽകണം.

11. ചതുപ്പ് നിലങ്ങളുടെ സംരക്ഷണത്തിനും തീരദേശ പരിപാലനത്തിനും വേണ്ടത്ര പരിഗണന നൽകണം.

12. പദ്ധതിയേതര റവന്യൂ നികത്തുന്നതിനും ഭരണ ഘടനയുടെ അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റ് അനുവദിക്കണം. കൂടാതെ സംസ്ഥാനത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 15574.69 കോടി രൂപയുടെ ധനസഹായം അനുച്ഛേദം 275 പ്രകാരം അനുവദിക്കണം.

13. സംസ്ഥാന ദുരന്തനിവാരണ ഫണ്ട് 30 ശതമാനം കണ്ട് വർദ്ധിപ്പിക്കണമെന്നും നിവാരണ ഫണ്ടിലെ കേന്ദ്രവിഹിതം നിലവിലെ 75 ശതമാനത്തിൽ നിന്നും 90 ശതമാനമായി വർദ്ധിപ്പിക്കണമെന്നും കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 18-12-2013-നാണ് പതിനാലാം ധനകാര്യ കമ്മീഷനു മുമ്പാകെ ആവശ്യമുന്നയിച്ചത്. പതിനാലാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടുകൂടി 1-4-2015 ന് നിലവിൽ വന്നിട്ടുണ്ട്.

(ബി) 11, 12, 13 ധനകാര്യ കമ്മീഷനുകളുടെ ശിപാർശകൾ സർക്കാർ വിശദമായ അവലോകനത്തിന് വിധേയമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ അവാർഡ് നിശ്ചയിക്കുന്നതിൽ വരുത്തേണ്ട മാറ്റങ്ങൾ ഉടർ കമ്മീഷണർമാർക്ക് നൽകിയ നിവേദനത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) താഴെപ്പറയുന്ന രീതിയിൽ നടപടി സ്വീകരിക്കണമെന്ന നിവേദനം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്:

1. സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കാവുന്ന നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ജനസംഖ്യയ്ക്ക് മുൻതൂക്കം നൽകണം.

2. വനം, ജനസംഖ്യയിലെ വൃദ്ധരുടെ എണ്ണം, നഗരവത്കരണം, യഥാർത്ഥ ജനസാന്ദ്രത എന്നിവകൂടി കണക്കിലെടുത്തുകൊണ്ട് 1971-ലെ ജനസംഖ്യയെ ക്രമപ്പെടുത്തണം.

3. നികുതി കാര്യക്ഷമത, ധന അച്ചടക്കം എന്നീ മാനദണ്ഡങ്ങൾ ഒഴിവാക്കുക.

4. വരുമാന അകലത്തിന പകരം ജനസംഖ്യാ വിഹിതത്തിൽ നിന്നുള്ള അകലമായ നികുതി കാര്യക്ഷമത അകലം ഒരു മാനദണ്ഡമായി ഉൾപ്പെടുത്തുകയും ഇതിന്റെ വെയിറ്റേജ് കുറയ്ക്കുകയും ചെയ്യുക.

(ഡി) വർദ്ധിച്ചുവരുന്ന റവന്യൂ കമ്മി കുറയ്ക്കുന്നതിന് സംസ്ഥാനം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിച്ചു:

1. വർദ്ധിച്ചുവരുന്ന റവന്യൂ കമ്മി കുറയ്ക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം നിലവിലുള്ള 32%-ത്തിൽ നിന്ന് 50% ആയി ഉയർത്തുക.

2. പദ്ധതിയേതര റവന്യൂകമ്മി നികത്തുന്നതിനായി ഭരണഘടനയുടെ അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റ് അനുവദിക്കണം. കൂടാതെ സംസ്ഥാനത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 15574.69 കോടി രൂപയുടെ ധനസഹായം അനുച്ഛേദം 275 പ്രകാരം അനുവദിക്കണം.

ഇതിന്മേൽ സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം നിലവിലുള്ള 32% ൽ നിന്ന് 42% ആയി ഉയർത്താൻ കേന്ദ്രം തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി കുറയ്ക്കുന്നതിന് റവന്യൂ കമ്മി ഗ്രാന്റ് ആയി 9519 കോടി രൂപ അനുവദിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly